നടത്താവുന്ന രീതിയിലാണ് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. വിവിധ ഓപ്പറേറ്റർമാർ അനുമതികൾ ലഭ്യമാക്കുന്നതിനുള്ള പ്രക്രിയയുടെ വിവിധ ഘട്ടങ്ങളിലാണ്. ആരും വാണിജ്യാടിസ്ഥാനത്തിലുള്ള സർവ്വീസുകൾ ഇതുവരെ ആരംഭിച്ചിട്ടില്ല.

(ഡി) സീപ്ലെയിൻ സർവ്വീസുകൾ നടത്തേണ്ടത് ഇതിന് ആവശ്യമായ അനുമതികൾ ലഭ്യമായിട്ടുള്ള സ്വകാര്യ ഓപ്പറേറ്റർമാർ ആയതിനാൽ സർക്കാരിന് ഈ ഇനത്തിൽ ഒരു ചെലവും വരുന്നില്ല. ഇന്ത്യാ വൻകരയിൽ സീപ്ലെയിൻ സർവ്വീസുകൾ ആരംഭിക്കുകവഴി ടൂറിസം രംഗത്ത് ഒരു നൂതന ഉൽപ്പന്നംകൂടി വിനോദസഞ്ചാരികൾക്ക് നൽകുക എന്നതാണ് കേരള സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത പദ്ധതി കേരളത്തിന്റെ ബ്രാന്റ് ഇമേജ് വർദ്ധിപ്പിക്കുന്നതോടൊപ്പം അയൽ സംസ്ഥാനങ്ങളെ വെല്ലുന്ന ഒരു നൂതന ഉൽപ്പന്നം ലഭ്യമാക്കുകയും ചെയ്യും. സീപ്ലെയിൻ പദ്ധതിക്ക് അടിസ്ഥാന സൗകര്യങ്ങളൊരുക്കി സീപ്ലെയിൻ ഓപ്പറേഷൻസ് പ്രോത്സാഹിപ്പിക്കുകയാണ് സർക്കാരിന്റെ ദൗത്യം. പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി തുടക്കത്തിൽ രണ്ടു വർഷത്തേക്ക് ഈ സൗകര്യങ്ങൾ സൗജന്യമായി ലഭ്യമാക്കുവാനാണ് സർക്കാർ തീരുമാനം. അതിനുശേഷം മുതൽമുടക്കിന് ആനുപാതികമായ ഒരു യൂസേഴ്സ് ഫീ ഏർപ്പെടുത്തുവാൻ സാധിക്കും. ജലവിമാനപദ്ധതി കൂടുതൽ വിനോദസഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കാൻ സഹായിക്കുകയും അതുവഴി പ്രത്യക്ഷവും പരോക്ഷവുമായ വരുമാന ലഭ്യതയ്ക്കും തൊഴിലവസരങ്ങൾക്കും കാരണമാകുകയും ചെയ്യും. ഈ പ്രാരംഭഘട്ടത്തിൽ വരുമാനം കൃത്യമായി കണക്കാക്കാൻ സാധ്യമല്ല.

കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ ടൂറിസം ഫണ്ട് പ്രവൃത്തികൾ

330(1031) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം ഫണ്ട് ഉപയോഗിച്ച് കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ നടത്തിവരുന്ന പ്രവർത്തികളും അവയുടെ അടങ്കൽ തുകയും വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള സ്ഥിതി വെളിപ്പെടുത്തുമോ;

(സി) മുട്ടറ മരുതിമല ഇക്കോടൂറിസം പദ്ധതിയുടെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തികൾ പൂർണ്ണമായും പൂർത്തീകരിച്ചോ; രണ്ടാം ഘട്ട നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്നറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

Project Name	As Amount	Present Status of work
Infrastructure development of Meenpidippara tourism centre in Pulamanthodu at Kottarakkara	40,00,000	In progress
Pongupara Research Tourism Destination Kottarakkara, Kollam	49,00,000	In progress
Take a break -Kollam (Kottarakkara Aenath)	46,00,000	Completed

(സി) ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചുകഴിഞ്ഞു. രണ്ടാം ഘട്ട പദ്ധതിയുടെ പൂർണ്ണരൂപരേഖ ലഭിച്ചിട്ടില്ല.

വിനോദ സഞ്ചാര മേഖലയിലെ പ്രതിസന്ധി

331(1032) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിനോദസഞ്ചാര മേഖലയിലെ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ബി) ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും കേരളം സന്ദർശിച്ച വിദേശ-ആഭ്യന്തര വിനോദ സഞ്ചാരികൾ എത്രയെന്ന് അറിയിക്കുമോ:

(സി) ഓരോ വർഷവും ടൂറിസത്തിലൂടെ കേരളത്തിന് എത്ര തുക വരുമാനം ലഭിച്ചിട്ടുണ്ടെന്നും വരുമാനത്തിൽ കുറവ് വന്നിട്ടുണ്ടെങ്കിൽ കാരണം എന്തെന്നും അറിയിക്കുമോ:

(ഡി) ടൂറിസം മേഖല ശക്തിപ്പെടുത്താൻ പദ്ധതി തയ്യാറാക്കുന്നുണ്ടോ: വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly